**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 712** | **29.11.2018- ൽ മറുപടിയ്ക്ക്**

**ലേബർ കോൺട്രാക്ടേഴ്സ് സഹകരണ സംഘങ്ങൾ**

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| **ശ്രീ. കെ. ഡി. പ്രസേനൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ വകുപ്പിന്റെയും സഹകരണ സംഘത്തിന്റെയും പ്രവൃത്തികൾ ലേബർ സഹകരണ സംഘങ്ങളെ നേരിട്ട് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഇല്ല, എന്നാൽ സഹകരണ വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളുടെയും, സഹകരണ സ്ഥാപനങ്ങളുടെയും വിവിധ പ്രവൃത്തികൾ നിലവിൽ ലേബർ സഹകരണ സംഘങ്ങൾ ഏറ്റെടുത്തു നടത്തി വരുന്നുണ്ട് |
| (ബി) നല്ല ലേബർ കോൺട്രാക്ടേഴ്സ് സഹകരണ സംഘങ്ങളുണ്ടായിട്ടും പല സഹകരണ സംഘങ്ങളും വ്യക്തികളെ കരാർ പണികൾ ഏൽപ്പിക്കുന്നത് തടയുന്നതിനായി നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഇല്ല |
| (സി) ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ കരാറിലേർപ്പെടുമ്പോൾ പ്രത്യേക ഇളവുകൾ എന്തെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | ലേബർ കോൺട്രാക്ടേഴ്സ് സഹകരണ സംഘങ്ങൾ കരാറിലേർപ്പെടുമ്പോൾ സർക്കാരിന്റെ 13/11/1997-ലെ സ.ഉ(എം.എസ്) നമ്പർ 135/97/സഹ, 02.05.2016-ലെ സ.ഉ. (കൈ) നമ്പർ 28/16/സഹ, 29.06.2016-ലെ സ.ഉ.(കൈ) നമ്പർ 31/16/സഹ, 09.01.2018-ലെ സ.ഉ (കൈ) നമ്പർ 1/2018/സഹ, നമ്പർ ഉത്തരവുകൾ പ്രകാരമുള്ള ഇളവുകൾ ലഭ്യമാണ്.<br>മേൽ ഉത്തരവുകൾ പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് (പോർഫോർമൻസ് ഗ്യാരിണ്ടി) നിരതദ്രവ്യം എന്നിവയിൽ നിന്നും ടി സംഘങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. ലേബർ കോൺട്രാക്ടേഴ്സ് സഹകരണ സംഘങ്ങൾ വർക്ക് ഏറ്റെടുക്കുന്നതിനുള്ള യോഗ്യത നേടുന്നതിന് മുന്നോടിയായി 10% ബാങ്ക് |

ഗ്യാരണ്ടി നൽകണമെന്നുള്ള വ്യവസ്ഥയിൽ നിന്നും ടി സംഘങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. എല്ലാതരം പ്രവൃത്തികളുടെയും അടങ്കൽ തുകയുടെ 25% പരിധിയില്ലാതെ ലേബർ കോൺട്രാക്ടേഴ്സ് സഹകരണ സംഘങ്ങൾക്ക് മുൻകൂർ അനുവദിക്കുന്നതിനും മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**